ഹയർ സെക്കന്ററി

ഗവൺമെന്റ്	416
എയ്ഡഡ്	508
അൺ എയ്ഡഡ്	329

(ബി) ലഭ്യമല്ല.

(സി) അൺ എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി വിഭാഗത്തിലെ ഫീസ് നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വിവരം ലഭ്യമല്ല.

(ഇ) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം സംബന്ധിച്ച് വിവരം ലഭ്യമല്ല.

(എഫ്) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പുതുതായി അനുവദിച്ച പ്ലസ് ടൂ സീറ്റുകൾ

103 (701) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര പ്ലസ് ടൂ സീറ്റുകൾ കൂടുതലായി അനുവദിച്ചു ;

(ബി) ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ വർഷം 57340 പ്ലസ് ടൂ സീറ്റുകൾ കൂടുതലായി അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള സ്കൂളുകൾക്ക് 20% സീറ്റ് വർദ്ധനയും 321 അൺ എയ്ഡഡ് സ്കൂളുകൾക്ക് ഓരോ ബാച്ചു കൂടി തുടങ്ങുന്നതിനുള്ള അനുമതിയുമാണ് നൽകിയിട്ടുള്ളത്. മാനേജരുടെ ആവശ്യാനുസരണം അനുവദിച്ച ബാച്ച് സ്വീകരിക്കാം എന്നാണ് ബാച്ച് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിരുന്നത്. ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ഹയർ സെക്കന്ററി ഡയറക്ടർക്ക് നൽകണമെന്നും വ്യക്തമാക്കിയിരുന്നു. ആയതിനാൽ അഡ്മിഷൻ നടപടികൾ പൂർത്തിയായതിന് ശേഷം മാത്രമേ തരംതിരിച്ചുള്ള കണക്ക് ലഭ്യമാകുകയുള്ളൂ.

പ്ലസ് വൺ പ്രൈവറ്റ് പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി

104 (702) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 അദ്ധ്യയന വർഷം കാസർഗോഡ് ജില്ലയിൽ പ്ലസ് വൺ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികളുടെ എണ്ണമെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലയിലെ ആകെ എത്ര സ്കൂളുകളിലാണ് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത് ; അവ ഏതെല്ലാം ;

(സി) ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിലൊന്നും പരീക്ഷാകേന്ദ്രമില്ലെന്ന് കാണിച്ച് ഏതെങ്കിലും വിദ്യാർത്ഥി സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ ;

(ഡി) വിദ്യാർത്ഥികളുടെ ബുദ്ധിമുട്ട് പരിഗണിച്ച് ജില്ലയിലെ പ്രധാന കേന്ദ്രങ്ങളായ കുമ്പള എച്ച്. എസ്. എസ്., ഉദുമ എച്ച്. എസ്. എസ്, ചെമ്മനാട് ജമാഅത്ത് എച്ച്. എസ്. എസ്., ചട്ടംപാൽ എച്ച്. എസ്. എസ്., കുണ്ടംകുഴി എച്ച്. എസ്. എസ്., രാജാസ് എച്ച്. എസ്. എസ്., നീലേശ്വരം എന്നിവിടങ്ങളിൽ പ്ലസ് വൺ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുമോ ;

(ഇ) കോമേഴ്സ് പഠിക്കുന്ന പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ജില്ലയിൽ ആകെ എത്ര സെന്ററുകളാണ് അനുവദിച്ചിട്ടുള്ളത് ; അവ ഏതെല്ലാം ;

(എഫ്) മിക്ക പ്രൈവറ്റ് വിദ്യാർത്ഥികളും പഠിക്കുന്ന കോമ്പിനേഷൻ (ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്) രജിസ്റ്റർ ചെയ്യാൻ ജില്ലയിൽ അവസരമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കാൻ അനന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) 2002-2003 അദ്ധ്യയന വർഷം മുതൽ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ഹയർ സെക്കന്ററി പരീക്ഷ നടത്തുന്നതിനുള്ള ചുമതല എസ്. സി. ഇ. ആർ. ടി. യെയാണ് ഏൽപ്പിച്ചിട്ടുള്ളത്. എസ്. സി. ഇ. ആർ. ടി. യിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

105 (703) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച് സുപ്രീം കോടതിയിലുണ്ടായിരുന്ന ഹർജി തീർപ്പായത് എന്നായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ബി) സുപ്രീം കോടതി വിധിയിലെ വിശദാംശങ്ങൾ എന്തൊക്കെ ആയിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) നിയമനം സംബന്ധിച്ച ചട്ടങ്ങൾ എത്ര നാളിനകം ഉണ്ടാക്കണം എന്നായിരുന്നു സുപ്രീം കോടതി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത് ;

(ഡി) കോടതി നിർദ്ദേശത്തെ തുടർന്ന് ഹയർ സെക്കന്ററി അദ്ധ്യാപക നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ് എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly